www.muthalakodamstgeorgechurch.com

# മുതലക്കോടത്ത് മുത്തപ്പൻ



## ഇടവക ബുള്ളറ്റിൻ

വാല്യം 41 ലക്കം 09 സെപ്റ്റംബർ 2026



**പരിശുദ്ധ കന്യകാമറിയത്തിന്റെ**
**പിറവിത്തിരുനാളും**
**കുരിശിന്റെ പുകഴ്ചയുടെ തിരുനാളും**

# JDMX
## PARK VILLA
### APARTMENTS




## NOW AVAILABLE
## FOR DAILY RENT

**PREMIUM FLATS NEAR MUTHALAKKODAM CHURCH**
Ideal for families, couples, tourists, business stays, and vacation rentals.


SPACIOUS LIVING ROOM


SPACIOUS DINING AREA


2 & 3 BEDROOM OPTIONS


MODERN KITCHEN


LARGE HALLS


PERFECT FOR EVENTS

**IDEAL FOR**
FAMILIES, COUPLES, TOURISTS, BUSINESS STAYS & VACATION RENTALS.

**SPACIOUS GROUND-FLOOR HALLS ARE ALSO AVAILABLE FOR**
BIRTHDAY CELEBRATIONS, BUSINESS MEETINGS, GATHERINGS, AND PRIVATE PARTIES.

**FOR BOOKING, CALL US:** +91 79077 96771

+91 7902410331

Wi-Fi | Air Conditioning | Kitchen | Parking | CCTV Security 24/7

# Wedding Greetings



**Johnson Tom**
S/o Tom Thomas & Safy Tom
Kunnumpurathu house
Ayamkudy, Kaduthuruthy

**27-08-2026**

**Nekha Shibu**
D/o Shibu Mathews & Jasmine Shibu
Chemparathy house
Muthalakodam, Mavinchuvadu



# WEDDING GREETINGS

*12th Death Anniversary*



*In Loving Memory of*

# SIJI GEORGE

Thuruthippillil | Kunnummel

♡

Apr 19, 1977 - Sep 12, 2014

"Blessed are the pure in heart, for they shall see God."

-Matthew 5:8

# മുതലക്കോടത്ത് മുത്തപ്പൻ






01 വികാരിയച്ചന്റെ സന്ദേശം
03 ഇടവകവാർത്തകൾ
04 സംഘടനാവാർത്തകൾ
10 കുടുംബവാർത്തകൾ
11 പ്രധാന ദിനങ്ങൾ
12 ബൈബിൾ ക്വിസ്
13 വാർഡ് പ്രാർത്ഥന
15 വിശ്വാസ പഠനപരമ്പര
18 ചിത്രകഥ
19 തിരുവചനവായനകൾ

Patron Mar George Madathikandathil
Published on First Sunday of every month
Phone : 8281717867
E-mail : muthalakodam123@gmail.com

| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ | Mob : 9447400859 |
| ചീഫ് എഡിറ്റേഴ്സ് | ഫാ. അഗസ്റ്റിൻ നിരപ്പേൽ | Mob : 9544616465 |
| | ഫാ. ജോസഫ് ചാരനാൽ | Mob : 9188168183 |
| എഡിറ്റേഴ്സ് | ശ്രീമതി ഗ്രേസി തോമസ് പാറയിൽ | |
| | സിസ്റ്റർ. പുഷ്പ മരിയ എസ്.എച്ച് | |
| | ശ്രീ. കുര്യാക്കോസ് കെ. കെ. കല്ലിങ്കക്കുടിയിൽ | |
| | ശ്രീ. സജി പള്ളിക്കുന്നേൽ | |
| | ശ്രീ. സിബി തുറയ്ക്കൽ | |
| | ശ്രീ. ജെയിംസ് കുന്നുമ്മേൽ | |



# വികാരിയച്ചന്റെ സന്ദേശം

ഈശോമിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞവരെ, സെപ്റ്റംബർ മാസത്തിലേക്ക് നമ്മൾ പ്രവേശിക്കുമ്പോൾ നമ്മുടെ ആത്മീയജീവിതത്തിന് കരുത്ത് പകരുന്ന തിരുനാളുകളിൽ കൂടി യാണ് നമ്മൾ കടന്നുപോവുക. പരിശുദ്ധ കന്യകാമറിയത്തിന്റെ തിരു നാളിനോട് അനുബന്ധിച്ചുള്ള എട്ടുനോമ്പോടുകൂടിയാണ് ഈ മാസം ആരംഭിക്കുക. തന്റെ പ്രിയപുത്രന് അമ്മയായിത്തീരുവാൻ അനാദിയിലേ ദൈവം കാത്തുവച്ച, പാപക്കറകൾ ഏൽക്കാത്ത പുണ്യപുഷ്പം. മാർത്തോമാനസ്രാണികളായ സ്ത്രീകൾ ഏറെ ഭക്തിപൂർവ്വം തങ്ങളുടെ ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനമെ ന്നോണം പരിപാലിച്ചുപോരുന്ന സമ്പ്രദായമാണ് എട്ടുനോമ്പ്. പരിശുദ്ധ അമ്മയോടുള്ള ഭക്തിയും അതുപോലെ നമ്മുടെ ആദ്ധ്യാ ത്മികജീവിതത്തിന്റെ വിശുദ്ധിയും ഒരുപോലെ സമന്വയിപ്പിക്കുന്ന എട്ടുനോമ്പ് ഏറെ പ്രാധാന്യമുള്ളതാണ്. ഏതൊരു മനുഷ്യജന്മ ത്തിന്റെ പിറകിലും ദൈവം ഒളിപ്പിച്ചുവയ്ക്കുന്ന നിഗൂഢമായ ഒരു രഹസ്യമുണ്ട്. ദൈവം അണിയിച്ചൊരുക്കുന്ന ദൈവീകപദ്ധതിയുടെ ഭാഗമാണ് ഓരോ മനുഷ്യനും. തന്റെ ജീവിതത്തിലെ ദൈവീകലക്ഷ്യം എന്താണെന്ന് തിരിച്ചറിയുന്നിടത്താണ് ഓരോ മനുഷ്യനും തന്റെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്തുന്നത്. തന്റെ ജീവിതത്തിന്റെ തുടക്കം മുതലേ ഓരോ കാര്യങ്ങളെയും ഹൃദയത്തിൽ ധ്യാനിച്ചു കൊണ്ടിരുന്ന മറിയം തന്റെ ജീവിതത്തിന്റെ ദൈവീകപദ്ധതിയെ തിരിച്ചറിയുന്നത് മിശിഹായുടെ ജനനത്തിലാണ്. തന്റെ ജീവിതത്തിൽ മറിയം തിരിച്ചറിഞ്ഞ ദൈവീകപദ്ധതിയുടെ ആഴവും അർത്ഥവും അവൾ കണ്ടെത്തുക ക്രിസ്തുവിന്റെ കുരിശിലാണ്.

ഏതൊരു ക്രൈസ്തവജീവിതത്തിന്റെയും ഹൃദയം ക്രിസ്തു വിന്റെ കുരിശാണ്. മാനവികതയുടെ വിജയം ക്രിസ്തു സ്വന്തമാക്കി ത്തന്നത് തന്റെ വിശുദ്ധ കുരിശിലാണ്. സെപ്റ്റംബർ പതിനാലാം തീയതി ആഘോഷിക്കുന്ന വിശുദ്ധ കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാളാണ് ഈ മാസത്തിന്റെ ഏറ്റവും കേന്ദ്രമായ തിരുനാൾ. രക്ഷയുടെ അടയാളമായി ദൈവം വരയ്ക്കുന്ന കുരിശുകളാണ് നമ്മുടെ ജീവിതത്തിലെ കുറവുകളും വേദനകളും പോരായ്മകളുമെന്നും നാളെ അവയെല്ലാം ദൈവം നമ്മുടെ





രക്ഷയ്ക്കു കാരണമാക്കിത്തീർക്കുമെന്നും തിരിച്ചറിയുന്നിടത്ത് ഈ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ നമ്മുടെ ജീവിതത്തിലും ഏറെ അർത്ഥപൂർണ്ണമായിത്തീരും. കുരിശ് കണ്ടെത്തിയ ദിനമാണ് കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ. നമ്മുടെ ജീവിതത്തിലും പല കുരിശുകളും മറഞ്ഞു കിടപ്പുണ്ട്. എല്ലാ കുരിശു കളും ദൈവം നൽകിയതല്ല. ദൈവം നൽകിയവയെ കണ്ടെത്തുവാനും അത് അനുഗ്രഹപൂർണ്ണമാക്കിത്തീർക്കുവാനും നമുക്ക് സാധിക്കു മ്പോഴാണ് നമ്മുടെ ജീവിതം ഏറ്റവും വിശുദ്ധമായിത്തീരുന്നത്.

ദൈവത്തിന്റെ ഓരോ വിളിയും ഈ കുരിശ് എടുത്തുകൊണ്ട് അവനെ അനുഗമിക്കുവാനുള്ള വിളിയാണ്. ലോകത്തിന്റേതായ മോഹങ്ങളിൽനിന്ന് കുരിശിന്റെ ഏകാന്തതയിലേക്കുള്ള യാത്രയാണ് യഥാർത്ഥ ശിഷ്യത്വം. ഇത്തരത്തിൽ ദൈവത്തിന്റെ വിളി കേട്ടുകൊണ്ട് ദൈവത്തെ അനുഗമിച്ച ഒരു മനുഷ്യനാണ് വിശുദ്ധ മത്തായി ശ്ലീഹ. 'ദൈവത്തിന്റെ ദാനം' എന്നാണ് മത്തായി എന്ന വാക്കിന്റെ അർത്ഥം. ദൈവം ദാനമായി നൽകിയ ജീവിതം ഇത് ദൈവത്തിന്റെ ദാനമാണ് എന്ന ബോധ്യത്തോടും കാഴ്ച്ചപ്പാടോടുംകൂടി ജീവിച്ചുതീർത്ത ഒരു മനുഷ്യൻ. ക്രൂശിതനായവനിലേക്കുള്ള യാത്രയായി തന്റെ ജീവി തത്തെ മാറ്റിയ ഒരു സുവിശേഷകൻ. തന്റെ ജീവിതത്തിൽ അവൻ കണ്ടെത്തിയ ക്രിസ്തുവിനെ തന്റെ സുവിശേഷത്തിലൂടെ പ്രഘോഷിച്ച മനുഷ്യൻ. നമ്മുടെ ജീവിതത്തിനും ഈ മനുഷ്യൻ നൽകുന്ന കാഴ്ച്ച പ്പാടുകൾ വളരെ ആഴമുള്ളതാണ്. ക്രിസ്തുവിനെ കണ്ടെത്താൻ മാത്ര മല്ല, ക്രൂശിതനെ അനുഗമിക്കുവാൻ വേണ്ടി മാത്രമല്ല, കണ്ടെത്തിയ ക്രിസ്തുവും നടന്നുനീങ്ങിയ ക്രൂശിതന്റെ പാതകളും ലോകത്തോട് പ്രഘോഷിക്കുവാൻ കൂടിയുള്ളതാണ് എന്ന് നമ്മെ ബോധ്യപ്പെടു ത്തിയ ഒരു മനുഷ്യൻ. പരിശുദ്ധ കന്യകാമറിയവും വിശുദ്ധ മത്തായി ശ്ലീഹായുമൊക്കെ തങ്ങളുടെ ജീവിതത്തെ നയിച്ചത് ക്രൂശിതനായ വനിലേക്കാണ്.

ഈ സെപ്റ്റംബർ മാസത്തിലൂടെ കടന്നുപോകുമ്പോൾ നമുക്ക് പ്രത്യേകമായിട്ട് പരിശുദ്ധ കന്യകാമറിയത്തോടും വിശുദ്ധ മത്തായി ശ്ലീഹായോടും പ്രാർത്ഥിക്കാം. ക്രൂശിതനായവനെ അനുഗമിക്കുവാനാ യി, കുരിശിനെ ഏറ്റുപറയുവാനായി ദൈവത്തിന്റെ കൃപ നമ്മുടെ കൂടെ ഉണ്ടായിരിക്കട്ടെ.

സ്നേഹത്തോടെ

വികാരിയച്ചൻ

റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ




**നഴ്സസ് - പാലിയേറ്റീവ് സംഗമം**

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനോട് അനുബന്ധിച്ച് ആഗസ്റ്റ് 15-ാം തീയതി ശനിയാഴ്ച്ച രാവിലെ 7 മണിയുടെ വി. കുർബാനയ്ക്കു ശേഷം ഇടവകാംഗങ്ങളായ നേഴ്സുമാരെയും ഇടവകയിലെ പാലിയേറ്റീവ് സംഘാംഗങ്ങളേയും ആദരിച്ചു.

**നാടകം**

ആഗസ്റ്റ് മാസം 16-ാം തീയതി ഞായറാഴ്ച്ച വൈകിട്ട് 7 മണിക്ക് കാഞ്ഞിരപ്പള്ളി അമല തീയേറ്റേഴ്സിന്റെ 'മറിയം' എന്ന ബൈബിൾ നാടകം അവതരിപ്പിക്കുകയുണ്ടായി.

**എട്ടുനോമ്പാചരണം**

പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാളിനു ഒരുക്കമായി ആചരിക്കുന്ന 8 ദിവസത്തെ നോമ്പ് സെപ്റ്റംബർ 1 മുതൽ 8 വരെയാണ്. എല്ലാ ദിവസവും രാവിലെ 6 മണിയുടെ കുർബാനയ്ക്കു ശേഷം നൊവേന ഉണ്ടായിരിക്കുന്നതാണ്. വൈകുന്നേരം 7 മണിയുടെ കുർബാനയ്ക്ക് മുമ്പായി 6 30 നു നടക്കുന്ന ജപമാലയിൽ പങ്കെടുക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ഈ എട്ടു ദിവസങ്ങളിലും ഭക്തിപൂർവ്വം വി. കുർബാനയിലും നൊവേനയിലും പങ്കെടുത്തും സന്ധ്യാപ്രാർഥനകളിൽ ജപമാല ഭക്തിയോടെ ചൊല്ലിയും മാതാവിന്റെ അനുഗ്രഹം തേടാം

**ലോഗോസ് ക്വിസ്**

ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ 2026 സെപ്റ്റംബർ 27-ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3. 30 വരെ നടത്തപ്പെടുന്നു.

പാഠഭാഗങ്ങൾ:

1. റൂത്ത് 1 - 4
2. സഭാ പ്രസംഗകൻ 1 - 6
3. 1 സാമുവൽ 1 - 7
4. വി. യോഹന്നാൻ 1 - 12
5. ഗലാത്തിയ 1 - 6








# സംഘടനാ വാർത്തകൾ

## സൺഡേ സ്കൂൾ

**ഓഗസ്റ്റ്**

* നെസ്റ്റിൽ വച്ചു നടത്തിയ IGNITE പ്രോഗ്രാമിൽ ഇടവകയിൽ നിന്ന് 4 കുട്ടികൾ പങ്കെടുത്തു.
* ഇടവകവൈദീകരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു.
* ബഹുമാനപ്പെട്ട വൈദീകർക്ക് ആശംസകൾ അർപ്പിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു.
* ഓഗസ്റ്റ് 15 - മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളും സ്വാതന്ത്ര്യദിനവും സംയുക്തമായി ആഘോഷിച്ചു.
* പത്തുമണിയുടെ വിശുദ്ധ കുർബാനയ്ക്ക് ശേഷം റാലി സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിലുള്ള ഈ റാലി സൺഡേ സ്കൂളിലേക്കാണ് നടത്തിയത്. മാതാവ്, ഭാരതാംബ, ചാച്ചാ നെഹ്റു, ഗാന്ധിജി, മാലാഖമാർ എന്നിവരുടെ വേഷങ്ങളിൽ അണിനിരന്ന കുട്ടികൾ റാലിയെ ഏറെ ആകർഷകമാക്കി.
* മൂന്നാം ഗ്രൂപ്പിന്റെ കൾച്ചറൽ പ്രോഗ്രാം നടത്തി.
* ബഹുമാനപ്പെട്ട ജെറിൽ അച്ചന്റെ നാമഹേതുകത്തിരുനാൾ ആഘോഷിച്ചു.
* 29, 30 തീയതികളിൽ നെസ്റ്റിൽ വച്ച് നടത്തിയ പ്രതിഭാസംഗമത്തിൽ ഇവിടെ നിന്നും നാല് കുട്ടികൾ പങ്കെടുത്തു.
* 22-ാം തീയതി മിഷൻലീഗിന്റെയും കെ. സി. വൈ. എം. ന്റെയും ആഭിമുഖ്യത്തിൽ സംയുക്തമായി വിവിധ പരിപാടികളോടെ ഓണാഘോഷം നടത്തുകയും ഓണസദ്യ നൽകുകയും ചെയ്തു.

**സെപ്റ്റംബർ**

* 8 നോമ്പാരംഭം

* പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ
* നാകപ്പുഴയ്ക്ക് തീർത്ഥാടനം
* സെപ്റ്റംബർ 14 - വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
* സെപ്റ്റംബർ 27 ഞായർ - ലോഗോസ് ക്വിസ് രൂപതാതലം



ഓണാഘോഷം 2026

## കെ.സി.വൈ.എം

* 19/06/2026 - World Cup Final Screening നടത്തി. കളികൾ കണ്ട് ആസ്വദിക്കുവാൻ നാനാജാതി മതസ്ഥർ എത്തിച്ചേർന്നു.
* 02/06/2026 - Love Home ൽ 220 ഓളം പൊതിച്ചോർ കൊടുത്തു. പൊതിച്ചോർ എത്തിച്ചു തരുന്ന ഇടവകാംഗങ്ങളെ നന്ദിയോടെ ഓർക്കുന്നു.
* 08/08/2026 - Night Vigil നടത്തി. 75 ഓളം യുവജനങ്ങൾ പങ്കെടുത്തു. ശ്രീ. കെവിൻ ജോസഫ് മാനിശ്ശേരിൽ ക്ലാസ് നയിച്ചു.
* 09/08/2026 - വി. ജോൺ മരിയാ വിയാനി ദിനം ആഘോഷിച്ചു. ബഹുമാനപ്പെട്ട എല്ലാ വൈദീകർക്കും ആശംസകൾ നേരുകയും ആദരിക്കുകയും ചെയ്തു.
* 16/08/2026 - വണ്ടമറ്റം പള്ളിയിൽ വച്ച് നടത്തിയ ARISE-2026 ഫൊറോനാ പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ യൂണിറ്റ് ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു.
* 01/08/2026 - CML സാഹിത്യമത്സരത്തിൽ പങ്കെടുത്തു. കവിത, ഉപന്യാസം (മലയാളം, ഇംഗ്ലീഷ്), ചെറുകഥ, പെൻസിൽ ഡ്രോയിംഗ് എന്നീ മത്സരങ്ങളിൽ സമ്മാനങ്ങൾ കരസ്ഥമാക്കി.

## മാതൃവേദി

* ഓഗസ്റ്റ് 2-ാം തീയതി മാതൃവേദിയുടെ പ്രതിമാസ സമ്മേളനം നടന്നു.
* കാഴ്ച്ചസമർപ്പണം: ഓഗസ്റ്റ് 27-ാം തീയതി വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ പ്രമാണിച്ച് ഓഗസ്റ്റ് 2-ാം തീയതി 4 30 ന്റെ വി. കുർബാനയ്ക്ക് അമ്മമാർ കാഴ്ച്ചസമർപ്പണം നടത്തി.
* ക്വിസ്സ്: വി. മോനിക്കയുടെ ജീവചരിത്രത്തെ ആസ്പദമാക്കി യൂണിറ്റിൽ ക്വിസ്സ് മത്സരം നടത്തി. വിജയികൾക്ക് സമ്മാനം നൽകി.
* മാതൃവേദി കോതമംഗലം രൂപത നടത്തിയ യൂണിറ്റ് ആനിമേറ്റർ സിസ്റ്റേഴ്സിന്റെയും പ്രസിഡന്റുമാരുടെയും സംയുക്ത മീറ്റിംഗിൽ യൂണിറ്റ് പ്രസിഡന്റ് ശ്രീമതി. ഷൈനി സ്റ്റീഫൻ പമ്പൂരേത്ത് പങ്കെടുത്തു.





* ഓണാഘോഷം: സെപ്റ്റംബർമാസ സമ്മേളനത്തോട് അനുബന്ധിച്ച് ഓണാഘോഷം നടത്തപ്പെടും.
* സെപ്റ്റംബർമാസ സമ്മേളനം: സെപ്റ്റംബർ 6–ാം തീയതി ആദ്യഞായറാഴ്ച്ച 2 മണിക്ക് മാതൃവേദി മീറ്റിംഗ് ഉണ്ടായിരിക്കും.

## പിതൃവേദി

* എല്ലാ ഞായറാഴ്ച്ചകളിലും രോഗീസന്ദർശനം നടത്തുന്നു.
* പതിവുപോലെ എല്ലാ ആദ്യ ശനിയാഴ്ച്ചകളിലും വൈകിട്ടത്തെ കുർബാനയ്ക്കുശേഷം പള്ളി ചുറ്റി ജപമാല പ്രദക്ഷിണം നടത്തുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കുമല്ലോ.
* മാസത്തിലെ രണ്ടാമത്തെ വെള്ളിയാഴ്ച്ച ബഹുമാനപ്പെട്ട വൈദീകരുടെ നേതൃത്വത്തിൽ ഭവനങ്ങളിൽ കിടപ്പുരോഗികൾക്ക് വിശുദ്ധ കുർബാന സ്വീകരിക്കുവാനുള്ള സൗകര്യം ഒരുക്കുന്നു. പള്ളി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാത്ത ഏതെങ്കിലും കിടപ്പ് രോഗികൾ ഉണ്ടെങ്കിൽ പള്ളി ഓഫീസുമായി ബന്ധപ്പെട്ട് ഈ അവസരം പ്രയോജനപ്പെടുത്തുക.
* എല്ലാ വ്യാഴാഴ്ചകളിലും വൈകിട്ട് 7 മണിക്ക് പള്ളി ചാപ്പലിൽ പ്രാർത്ഥനാക്കൂട്ടായ്മ നടത്തപ്പെടുന്നു.

## സെന്റ് വിൻസെന്റ് ഡീപോൾ സൊസൈറ്റി സെന്റ് ജോർജ് കോൺഫറൻസ് മുതലക്കോടം

* കോൺഫറൻസ് യോഗങ്ങൾ മാസത്തിലെ എല്ലാ ഞായറാഴ്ച്ചയും ഓഫിസിൽ വച്ച് രാവിലെ 8.30 ന് നടത്തപ്പെടുന്നു.
* പാവപ്പെട്ടവർക്കും രോഗികൾക്കും സഹായങ്ങൾ നൽകുന്നു.
* അംഗങ്ങൾ വീട് സന്ദശനങ്ങൾ, രോഗീസന്ദർശനങ്ങൾ, ദത്തുകുടുംബ സന്ദർശനങ്ങൾ എന്നിവ നടത്തുന്നു.
* പാലിയേറ്റീവ് മേഖലയിൽ പ്രവർത്തിക്കുന്ന ഇടവകാംഗം എന്ന നിലയിൽ കോൺഫറൻസ് പ്രസിഡന്റ് ബ്ര. ജോയി മറ്റപ്പിള്ളി ആഗസ്റ്റ് 15 ന് ഇടവകയുടെ ആദരവ് ഏറ്റുവാങ്ങിയത് സന്തോഷത്തോടെ അറിയിക്കുന്നു.
* കോൺഫറൻസിന്റെ 75 –ാം ജൂബിലി ആഘോഷങ്ങളുടെ സമാപനം സെപ്റ്റംബർ 13 ന് നടത്തപ്പെടുന്നു.



വിൻസെന്റ് ഡീ പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സുമനസ്സുകളുടെ സഹായത്തോടെ പണികഴിപ്പിച്ച വീടിന്റെ വെഞ്ചിരിപ്പ് കർമ്മം

## വിൻസെന്റ് ഡീപോൾ (വനിതാ വിഭാഗം)

* എല്ലാ തിങ്കളാഴ്ച്ചയും 10 30 AM ന് ജപമാലയോട് കൂടി വിൻസെൻഷ്യൻ അംഗങ്ങൾ സമ്മേളിക്കുന്നു.
* എല്ലാ മാസവും 12 ദത്തുകുടുംബങ്ങൾക്കും 10 ദത്തുവിദ്യാർഥികൾക്കും സഹായം നൽകുന്നു.
* സ്നേഹാലയത്തിലെ അന്തേവാസിക്ക് ഗവൺമെന്റ് ഹോസ്പിറ്റലിൽ ബൈസ്റ്റാൻഡർ ആയി അംഗങ്ങൾ സേവനം ചെയ്തു.
* ഇടവകയിൽ അസിസ്റ്റന്റ് വികാരിമാരായി ചാർജ് എടുത്ത റവ. ഫാ. അഗസ്റ്റിൻ നിരപ്പേൽ, റവ. ഫാ. ജോസഫ് ചാരനാൽ എന്നിവർക്ക് സ്വീകരണം നൽകി.
* വീടിന്റെ ജപ്തി നടപടികൾ ഒഴിവാക്കാൻ ഒരു കുടുംബത്തെ സഹായിച്ചു.
* എട്ടുപേർക്ക് താൽക്കാലിക സഹായം നൽകി.
* വിവാഹ സഹായമായി 25000/- രൂപ നൽകി.
* ഒരു രോഗിക്ക് 5000/- രൂപ നൽകി.
* ഭവനസന്ദർശനം - 356
* രോഗീസന്ദർശനം - 200
* വിശേഷാൽ സന്ദർശനം - 93
* ദത്തുകുടുംബ സന്ദർശനം - 51





## യൂദിത്ത് നവോമി ഫോറം

യൂദിത്ത് നവോമിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ചിലങ്ക ആർട്സ് അക്കാദമിയിലെ അംഗങ്ങൾ ഓണോത്സവം നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട വികാരിയച്ചൻ റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. റവ. ഫാ. ജോസഫ് ചാരനാൽ ഓണസന്ദേശം നൽകി. ചിലങ്ക ആർട്സ് അക്കാദമിയിലെ വിദ്യാർത്ഥിനികൾ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. ഹെലൻ തോമസ് തുറക്കൽ, ലിസി സെബാസ്റ്റ്യൻ എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

## ചെറുപുഷ്പ മിഷൻ ലീഗ്

* മുതലക്കോടം മേഖല സാഹിത്യമത്സരത്തിൽ 40 പേർ പങ്കെടുത്ത് Overall first കരസ്ഥമാക്കി. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.
* Grandparents day യോട് അനുബന്ധിച്ച് വീടുകളിൽ Grandparents നെ വിഷ് ചെയ്യുകയും ഫോട്ടോസ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുകയും ചെയ്തു.
* വി അൽഫോൻസാമ്മയുടെ തിരുനാൾദിനത്തിൽ 150ഓളം പേർ അൽഫോൻസാമ്മയുടെ വേഷത്തിൽ അണിനിരന്നു.
* ജൂലൈ 28 ന് അസാധാരണ സമ്മേളനവും പൊതുദിവ്യ കാരുണ്യ സ്വീകരണവും നടത്തി.
* വിയാനിദിനത്തിൽ ബഹുമാനപ്പെട്ട വൈദീകരെ ആദരിക്കുകയും അവർക്കായി പ്രാർഥിക്കുകയും ചെയ്തു.
* 2026-27 പ്രവർത്തനവർഷത്തെ മാർഗ്ഗരേഖ ബഹുമാനപ്പെട്ട വികാരിയച്ചൻ പ്രകാശനം ചെയ്തു.
* CML സ്ഥാപകൻ കുഞ്ഞേട്ടന്റെ ചരമവാർഷികദിനത്തോട് അനുബന്ധിച്ച് online quiz competition നടത്തി.
* കുഞ്ഞേട്ടൻ അനുസ്മരണ അസാധാരണ സമ്മേളനം നടത്തി.
* രണ്ടാം ശനിയാഴ്ച്ച ജപമാലറാലിയും എക്സിക്യൂട്ടീവ് മീറ്റിംഗും നടത്തി.

# കുടുംബവാർത്തകൾ



## നവദമ്പതികൾ

| നം | പേര് | വീട്ടുപേര് | ഇടവക | വിവാഹം |
|---|---|---|---|---|
| 01 | ഫെബിൻ<br>അനു | ഏർത്തടത്തിൽ<br>ചെട്ടുപറമ്പിൽ | മുതലക്കോടം<br>മുതലക്കോടം | 03/08/2026 |
| 02 | ജോർജുകുട്ടി ജോസഫ്<br>എലിസബത്ത് | തൈപ്പറമ്പിൽ<br>പുല്ലുവെട്ടത്ത് | മുതലക്കോടം<br>മൂവാറ്റുപുഴ | 17/08/2026 |
| 03 | ആൻസൺ ജെയിംസ്<br>മരിയ | അറുകാലിൽ<br>മോളേക്കുന്നേൽ | മുതലക്കോടം<br>പള്ളിക്കാമുറി | 19/08/2026 |
| 04 | മെൽബിൻ ജോസഫ്<br>മീനു ജോസഫ് | കൊച്ചുപുരയ്ക്കൽ<br>തോയലിൽ | മുതലക്കോടം<br>കോടിക്കുളം | 20/08/2026 |
| 05 | ടോമിൻ പി ജോൺ<br>അൻസ ക്രിസ്റ്റി | പാറത്തലയ്ക്കൽ<br>മുണ്ടയ്ക്കൽ | മുതലക്കോടം<br>മുതലക്കോടം | 27/08/2026 |
| 06 | ജോബിൻ ജോൺ<br>അമല ട്രീസാ ബേബി | കുഴികണ്ടത്തിൽ<br>തെക്കേടത്ത് | മുതലക്കോടം<br>വേദഗിരി | 29/08/2026 |
| 07 | അമൽ മാത്യു<br>അലീന ബെന്നി | കുഴികണ്ടത്തിൽ<br>മാളിയേക്കൽ | മുതലക്കോടം<br>മരകാവ് | 30/08/2026 |

## പുതുമലരുകൾക്ക് സ്വാഗതം

വീട്ടുപേര് : തുടിയൻപ്ലാക്കൽ
മാമ്മോദീസാ പേര് : ജോർജ്
വിളിപ്പേര് : നോവ
മാതാപിതാക്കൾ : നിതീഷ് ജോസ് - ആൽബി ആന്റണി
മാമ്മോദീസാ : 08/08/2026

വീട്ടുപേര് : മാറാമറ്റത്തിൽ
മാമ്മോദീസാ പേര് : സെബാസ്റ്റ്യൻ
വിളിപ്പേര് : നേഹൻ
മാതാപിതാക്കൾ : റിന്റോ - നിഷ
മാമ്മോദീസാ : 08/08/2026

വീട്ടുപേര് : പള്ളിത്താഴത്ത്
മാമ്മോദീസാ പേര് : എംറിക്ക് മാത്യു
വിളിപ്പേര് : എംറിക്ക് മാത്യു
മാതാപിതാക്കൾ : മനു മാത്യു - ജാനറ്റ് വില്യം
മാമ്മോദീസാ : 08/08/2026

വീട്ടുപേര് : കോണിക്കൽ
മാമ്മോദീസാ പേര് : ജോസഫ്
വിളിപ്പേര് : ഹെൻറി മാത്യു
മാതാപിതാക്കൾ : മാത്യു ജോസ് - ശീതൾ
മാമ്മോദീസാ : 15/08/2026

വീട്ടുപേര് : കുഴികണ്ടത്തിൽ
മാമ്മോദീസാ പേര് : സ്റ്റീഫൻ
വിളിപ്പേര് : ജെയ്ഡൻ
മാതാപിതാക്കൾ : സിജോ ജോൺ - ആൻസ് മരിയ
മാമ്മോദീസാ : 17/08/2026

വീട്ടുപേര് : കുന്നുമ്മേൽ
മാമ്മോദീസാ പേര് : ജോർജ്
വിളിപ്പേര് : ജോറിക് ജോൺസൺ
മാതാപിതാക്കൾ : ജോൺസൺ ജോർജ് - റോസ് കുര്യൻ
മാമ്മോദീസാ : 22/08/2026

വീട്ടുപേര് : പള്ളത്ത്
മാമ്മോദീസാ പേര് : എലിസബത്ത്
വിളിപ്പേര് : എസ്തർ ടെസ്സ് അലക്സ്
മാതാപിതാക്കൾ : അലക്സ് പി ജോർജ് - ബിബിൽ
മാമ്മോദീസാ : 22/08/2026







# നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടവർ

പി റ്റി പോൾ (94)
പൊട്ടംപ്ലാക്കൽ
പട്ടയംകവല വാർഡ്
മരണം: 29/07/2026

ദേവസ്യ ജോസഫ് (100)
മച്ചുകുഴിയിൽ (കള്ളികാട്ട്)
കുന്നം കുരിശുപള്ളി വാർഡ്
മരണം: 30/07/2026

സെബാസ്റ്റ്യൻ ജോസഫ് (86)
തുറയ്ക്കൽ
പാങ്ങാംപാറ വാർഡ്
മരണം: 05/08/2026

ഏലിയാമ്മ മാത്യു
പാണങ്കാട്ട്
പഴുക്കാകുളം ഈസ്റ്റ് വാർഡ്
മരണം: 08/08/2026

ചിന്നമ്മ വർഗീസ് (78)
തോട്ടുപുറത്ത്
സാപിയൻസ വാർഡ്
മരണം:08/08/2026

എം വി കുര്യാക്കോസ് (71)
മഠത്തിക്കണ്ടത്തിൽ
മഠത്തിക്കണ്ടം വാർഡ്
മരണം:26/08/2026

## പ്രധാന ദിനങ്ങൾ - സെപ്റ്റംബർ

| | | |
|---|---|---|
| 01 | ചൊവ്വ | എട്ടുനോമ്പ് ആരംഭം |
| 04 | വെള്ളി | ആദ്യവെള്ളി |
| 05 | ശനി | വി. മദർ തെരേസ |
| 08 | ചൊവ്വ | പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ |
| 13 | ഞായർ | വി. ജോൺ ക്രിസോസ്തോം |
| 14 | തിങ്കൾ | വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 21 | തിങ്കൾ | വി. മത്തായി ശ്ലീഹ |
| 27 | ഞായർ | വി. വിൻസെന്റ് ഡി പോൾ |
| 29 | ചൊവ്വ | വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ |
| 30 | ബുധൻ | വി. ജറോം |


## വിവാഹ ഒരുക്ക സെമിനാർ

മൂവാറ്റുപുഴ നെസ്റ്റ്

**2026 സെപ്റ്റംബർ 3, 4, 5, 17, 18, 19**

ഫോൺ : 0485 -2830035 (10.00 - 4.00) , മൊബൈൽ : 9495011191, 9539658158

Online on : www.familyapostalateklm.com






ചോദ്യങ്ങൾ വി. യോഹന്നാൻ 1 മുതൽ 12 വരെയും ഗലാത്തിയ 1 മുതൽ 6 വരെയും അദ്ധ്യായങ്ങളിൽ നിന്നാണ്.

ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 20.

BIBLE QUIZ

1. ദൈവത്തെ വെളിപ്പെടുത്തിയത് ആര്?
2. അന്ത്രയോസിന്റെ പട്ടണമേത്?
3. ഇതാ, നിഷ്കപടനായ ഒരു യഥാർഥ ഇസ്രായേൽക്കാരൻ - ഇത് ആരെ ഉദ്ദേശിച്ചാണ് വചനം പറയുന്നത്?
4. വി. യോഹന്നാൻ രണ്ടാം അദ്ധ്യായം അനുസരിച്ച് എന്തുകൊണ്ടാണ് ഈശോ ജറുസലേമിലേക്ക് പോയത്?
5. ആരാണ് വെളിച്ചത്തിലേക്ക് വരുന്നത്?
6. ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നത് നിന്റെ വാക്കുമൂലമല്ല - ആരുടെ വാക്കുകളാണിത്?
7. ലാസറിനെ സംസ്കരിച്ചിട്ട് എത്ര ദിവസം കഴിഞ്ഞാണ് ഈശോ ബഥാനിയായിൽ എത്തുന്നത്?
8. എന്തെന്നാൽ, അവൻ നിമിത്തം യഹൂദരിൽ വളരെപ്പേർ അവരെ വിട്ടു യേശുവിൽ വിശ്വസിച്ചിരുന്നു . അവൻ ആര്?
9. മൂന്നുവർഷത്തിനുശേഷം പൗലോസ് കേപ്പായെ കാണാൻ ജെറുസലേമിലേക്ക് പോയപ്പോൾ അവനോടൊപ്പം എത്ര ദിവസം താമസിച്ചു?
10. നീതിമാൻ എന്തു വഴിയാണ് ജീവിക്കുന്നത്?
11. യേശുക്രിസ്തുവിലുള്ള വിശ്വാസം വഴി നിങ്ങൾ എല്ലാവരും ആരായിത്തീർന്നിരിക്കുന്നു എന്നാണ് വചനം പറയുന്നത്?
12. ആരാണ് അറേബ്യായിലെ സീനായ് മല?
13. എന്തിനെയാണ് ഒരിക്കലും തൃപ്തിപ്പെടുത്തരുതാത്തത്?
14. പൗലോസ് ശ്ലീഹാ എന്തിലല്ലാതെ മറ്റൊന്നിലും മേന്മ ഭാവിക്കാൻ തനിക്ക് ഇടയാകാതിരിക്കട്ടെ എന്നാണ് പറയുന്നത്?
15. എന്ത് ചെയ്യുന്നതിലാണ് മടുപ്പ് തോന്നരുതാത്തത്?


## കഴിഞ്ഞലക്കം ഉത്തരങ്ങൾ

1. ഓർഫാ , റൂത്ത്
2. മാറാ
3. ബോവാസ്
4. ഓബദ്
5. സഭാ പ്രസംഗകൻ 1 : 2
6. ഒരവസരം
7. സൂക്ഷമതയുള്ളവനായിരിക്കുക
8. ഹോഫ്നി, ഫിനെഹാസ്
9. സാമുവൽ
10. ചെറിയ ഉടുപ്പ്
11. നാല്
12. ഫിലിസ്ത്യർ
13. ശരി
14. ഏഴ്
15. കർത്താവിന്റെ പേടകം

## കഴിഞ്ഞലക്കം വിജയികൾ

1. ആനി ജോർജ് താന്നിക്കൽ 2. റോസമ്മ പോൾ കൊച്ചുപറമ്പിൽ 3. ഷൈനി ഷാജി പാറത്തലക്കൽ 4. ലൂസി ഫ്രാൻസിസ് കോട്ടയിൽ 5. ഗ്രേസി ജോൺ തുറയ്ക്കൽ 6. ജെസ്സി മാനുവൽ ചെമ്പരത്തി 7. മേഴ്സി കുര്യൻ ഇരണയ്ക്കൽ 8. ടെസ്സി സെബാസ്റ്റ്യൻ കട്ടപ്പുറം 9. ലിസ്സി ജോസ് കുന്നത്ത് 10. ആലീസ് ബേബി കോഴിക്കോട്ട് 11. മേരി മൈക്കിൾ കിഴക്കേപറമ്പിൽ 12. മേരി ജോസഫ് ആർപ്പാമറ്റം പുത്തൻപുരയിൽ 13. സാറാമ്മ ഫിലിപ്പ് പുല്ലാനപ്പിള്ളിൽ 14. മേരി ജോർജ് പാലക്കാട്ട് 15. അലീന സാന്റോ ചെമ്പരത്തി 16. അലൻ സാന്റോ ചെമ്പരത്തി 17. മേഴ്സി സാന്റോ ചെമ്പരത്തി 18. എൽസി ജോസഫ് കുന്നുമ്മേൽ 19. ബീന ജെയ്സൺ കൂട്ടുങ്കൽ





## വാർഡ് പ്രാർത്ഥന സെപ്റ്റംബർ 2026

| തീയതി | വാർഡ് | ഭവനം |
| --- | --- | --- |
| 01.09.2026 | കുന്നം കുരിശുപള്ളി<br>ഏഴുമുട്ടം<br>കാരൂപ്പാറ | ജെയിംസ് തുറയ്ക്കൽ<br>ജോർജ് മാത്യു മഠത്തിൽ<br>ബിജു ജോസഫ് തെക്കേക്കരയിൽ |
| 02.09.2026 | പഴുക്കാകുളം കിഴക്ക് | ജോബി കുന്നത്ത് |
| 03.09.2026 | പഴുക്കാകുളം കുരിശുപള്ളി<br>ഇടിക്കിട്ടി<br>താബോർ | ജോസ് മഞ്ചപ്പിള്ളിൽ<br>സ്റ്റെല്ലാ ടോമി കയ്യാണിക്കുന്നേൽ<br>ജേക്കബ് കിഴക്കേടം |
| 05.09.2026 | കുന്നം<br>സ്റ്റേഡിയം | പീറ്റർ മുണ്ടാട്ടിൽ<br>സ്കറിയ കാപ്പിൽ |
| 07.09.2026 | മുതലക്കോടം സൗത്ത്<br>കൊതകുത്തി<br>മുതലക്കോടം നോർത്ത് | സ്റ്റാൻസിലാവോസ് ചക്കുപറമ്പിൽ<br>മൈക്കിൾ ജോർജ് തൊട്ടിപ്പറമ്പിൽ<br>ആന്റണി ജോൺ മുരിങ്ങമറ്റം |
| 09.09.2026 | കനാൽ നോർത്ത്<br>ശാസ്താംപാറ<br>കനാൽ കിഴക്ക് | ജെസ്സി ജോണി കാഞ്ഞിരംകുന്നേൽ<br>ജിയോ ജോണി പുളിന്താനത്ത്<br>പാപ്പച്ചൻ എ കെ കന്നപ്പിള്ളി |
| 10.09.2026 | മുതലക്കോടം<br>ഞരളക്കാട് ബി<br>ഞറുക്കുറ്റി | സാജു വണ്ടനാംതടത്തിൽ<br>കെ വി ജോൺ കല്ലിങ്കക്കുടിയിൽ<br>ജെയിംസ് പീടികപ്പറമ്പിൽ |
| 12.09.2026 | ഞരളക്കാട് എ<br>നെല്ലിക്കുഴി<br>പഴുക്കാകുളം നോർത്ത് | ഷാജി മാത്യു കല്ലിങ്കക്കുടിയിൽ<br>റിജു പോൾ കളപ്പുരയിൽ<br>ജോജി പനച്ചിക്കാട്ട് |
| 14.09.2026 | മാവിൻചുവട്<br>തൊണ്ടിക്കുഴ ബി<br>സാപിയൻസ | ബേബിച്ചൻ കല്ലറയ്ക്കൽ<br>ജോസ് കാഞ്ഞിരത്താംതൊട്ടിയിൽ<br>പി എൽ ജോസ് പുത്തൻകുളം |
| 19.09.2026 | സ്നേഹാലയം | ജിൽസൺ പീറ്റർ ആനിക്കുടിയിൽ |





## വാർഡ് പ്രാർത്ഥന സെപ്റ്റംബർ 2026

| തീയതി | വാർഡ് | ഭവനം |
|---|---|---|
| | കാരിക്കോട് | ഗീത പൂവത്തിങ്കൽ |
| | ഉരുളക്കോട് | പി എ ജോസഫ് (റോയി) പ്ലാത്തോട്ടത്തിൽ |
| 21.09.2026 | കോണിക്യമാൽ | സനുരാജ് മീമ്പൂർ |
| | സാൻജോ | ജെയിംസ് മാത്യു പടിഞ്ഞാറേക്കുറ്റ് |
| | പട്ടയംകവല | ബൈജു പോൾ പൊട്ടംപ്ലാക്കൽ |
| | പാങ്ങാംപാറ | കൊച്ചുത്രേസ്യ സെബാസ്റ്റ്യൻ |
| | | തുറയ്ക്കൽതെക്കേക്കര |
| 22.09.2026 | ഹൈസ്കൂൾ | ബോബൻ കുര്യാക്കോസ് തൈപ്പറമ്പിൽ |
| | ചിറകണ്ടം | ജോസ് പള്ളിക്കുന്നേൽ |
| | മങ്ങാട്ടുകവല | ബാബു മൂന്നുമാവുങ്കൽ |
| 23.09.2026 | കനാൽ | സാന്റോ പോൾ ചെമ്പരത്തി |
| | പെട്ടേനാട് ബി | സാബു കളരിമഠത്തിൽ |
| 24.09.2026 | പഴുക്കാകുളം | സിജി സെബാസ്റ്റ്യൻ കൊരട്ടിപ്പറമ്പിൽ |
| | മഠത്തിക്കണ്ടം | ജോഷി ജോസഫ് വടക്കുംപറമ്പിൽ |
| 26.09.2026 | വടക്കുംമുറി | റെജി ജോസഫ് പൈനേൽ |
| | മുതലക്കോടം ടൗൺ | പുഷ്പ മഞ്ചപ്പിള്ളിൽ |
| 28.09.2026 | കുന്നം കിഴക്ക് | ഏലിക്കുട്ടി അഗസ്റ്റിൻ നടുപ്പറമ്പിൽ |
| | തൊണ്ടിക്കുഴ സ്കൂൾ | സ്റ്റീഫൻ പമ്പൂരേത്ത് |
| 30.09.2026 | അണ്ണായിക്കണ്ണം | സിനോ എം പാലോട്ടുകുന്നേൽ |

# വിശ്വാസപഠന പരമ്പര

## അനുരഞ്ജനകൂദാശ

ക്രിസ്തുവിന്റെ ജീവിതകാലത്ത് അവന്റെ വാക്കിലൂടെയും പ്രവൃത്തികളിലൂടെയും സ്ഥാപിതമാണ് എല്ലാ കൂദാശകളും. പാപത്താൽ തകർന്നുപോയ ദൈവ-മനുഷ്യ, മനുഷ്യ-മനുഷ്യ ബന്ധങ്ങൾ പുനഃസ്ഥാപിക്കുവാൻ ക്രിസ്തുവിനാൽ സ്ഥാപിതവും സഭയെ ഭരമേൽപ്പിച്ചിട്ടുള്ളതുമായ മഹനീയ കൂദാശയാണ് കുമ്പസാരം.

### 1. കുമ്പസാരം വിവിധ പേരുകളിൽ

സഭയുടെ മതബോധന ഗ്രന്ഥം അനുസരിച്ച് കൂദാശകൾ മിശിഹായുടെ ശരീരത്തിൽ നിന്നുവരുന്ന ശക്തിയാണ് (CCC-116). അതായത് കുമ്പസാരം എന്ന കൂദാശ അദൃശ്യമായ ദൈവീക സ്വഭാവത്തിന്റെയും ദൈവീക കരുണയുടെയും ദൃശ്യമായ പ്രകടനമാണ്. കുമ്പസാരം എന്ന കൂദാശ ഇന്ന് പല പേരുകളിൽ അറിയപ്പെടുന്നു:

* അനുതാപത്തിന്റെ കൂദാശ (Sacrament of Conversion)
* പാപപരിഹാര കൂദാശ (Sacrament of Penance)
* ഏറ്റുപറച്ചിലിന്റെ കൂദാശ (Sacrament of Confession)
* ക്ഷമയുടെ കൂദാശ (Sacrament of Forgiveness)
* അനുരഞ്ജന കൂദാശ (Sacrament of Reconciliation) (CCC-1423-1424)

### 2. പുതിയനിയമവും ആദിമസഭയും

പുതിയനിയമത്തിൽ ഈശോ തന്റെ ശിഷ്യന്മാർക്ക് പാപങ്ങൾ മോചിക്കുവാനുള്ള അധികാരം നല്കിയതായി വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

"നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്താ 16:19).

ഇത് ഈശോ പത്രോസിന് നൽകുന്ന അധികാരമാണ്. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ ഈശോ ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞുവയ്ക്കുന്നതായി നാം വായിക്കുന്നു:

"നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20:23).





അപ്പസ്തോലിക കാലഘട്ടത്തിൽ കൃത്യമായ ഒരു അനുഷ്ഠാനക്രമം അനുരഞ്ജന കൂദാശയ്ക്ക് നമ്മൾ കാണുന്നില്ലെങ്കിലും ഏറ്റുപറച്ചിലും പ്രാർത്ഥനയും പ്രധാന ഘടകങ്ങളായിരുന്നു.

"നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ. നീതിമാന്റെ പ്രാർത്ഥന ശക്തിയുള്ളതും ഫലദായകവുമാണ്" (യാക്കോ 5:16).

ആദിമസഭയുടെ ചരിത്രത്തിൽ എ.ഡി. 95-ൽ എഴുതപ്പെട്ട വി. പോപ്പ് ക്ലെമന്റിന്റെ ലേഖനത്തിൽ അനുരഞ്ജന കൂദാശയുടെ പ്രാധാന്യത്തെപ്പറ്റി എടുത്തു പറയുന്നുണ്ട്:

"ഹൃദയം കഠിനമാക്കാതിരിക്കാൻ വേണ്ടി ഒരുവൻ തന്റെ പാപങ്ങൾ ഏറ്റുപറയുന്നു" (Epistle of Pope Clement, 51, 3).

ഡിഡാക്കയിൽ (Didache A.D. 100-150) പാപങ്ങളുടെ ഏറ്റുപറച്ചിൽ പരിശുദ്ധമായ ബലിയർപ്പണങ്ങൾക്ക് ആവശ്യമായ ഘടകമെന്ന് സമർത്ഥിക്കുന്നു (Didache No. 14). ആദിമസഭയിൽ മാമ്മോദീസയിലൂടെ പാപമോചനം നടത്തപ്പെട്ടിരുന്നു (നടപടി 2:38).

ആദിമസഭയിൽ മെത്രാന്റെയോ വൈദികന്റെയോ സാന്നിദ്ധ്യത്തിൽ സമൂഹത്തോടാണ് പാപികൾ പാപം ഏറ്റുപറഞ്ഞിരുന്നത്. പക്ഷേ പാപമോചനവും പ്രായശ്ചിത്തവും നല്കിയിരുന്നത് മെത്രാനോ വൈദീകനോ ആയിരുന്നു. കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് പിന്നീട് പുരോഹിതനോട് രഹസ്യമായി പാപങ്ങൾ ഏറ്റുപറയുന്ന രീതി രൂപപ്പെട്ടുവന്നു.

3. അനുരഞ്ജന കൂദാശയുടെ ധാർമ്മിക ദൈവശാസ്ത്രാടിസ്ഥാനം

3.1 പാപത്തിന്റെ വിവിധ വശങ്ങൾ: എല്ലാ പാപങ്ങൾക്കും ദൈവത്തിനെതിരായി, സഹജീവികൾക്കെതിരായി, അവനവനുതന്നെ എതിരായുള്ള വശങ്ങളുണ്ട്. വ്യക്തിപരമായ പാപങ്ങൾക്കും സാമൂഹികമായ ഫലങ്ങളുണ്ടാകാം (1 കോറി 12:27).

3.2 വിവിധ പാപങ്ങൾ: പ്രധാനമായി പാപങ്ങളെ മാരകപാപം, ലഘുപാപം, സാമൂഹികപാപം എന്ന് തിരിക്കാം.

* മാരകപാപം: ദൈവവുമായുള്ള ഒരുവന്റെ ബന്ധം പൂർണ്ണമായി വിച്ഛേദിക്കുന്നതും, ആത്മാവിന്റെ പൂർണ്ണനാശത്തെ സൂചിപ്പിക്കുന്നതുമായ പാപങ്ങളാണിവ.

* ലഘുപാപം: ദൈവവുമായുള്ള ബന്ധം പൂർണ്ണമായി തകർക്കാത്ത പാപങ്ങളാണെങ്കിലും ഇവ ഒരുവനെ മാരകപാപത്തിലേക്ക് നയിച്ചേക്കാം.

* സാമൂഹികപാപം: തിന്മനിറഞ്ഞ സാമൂഹികഘടനയിൽ (ഉദാഹരണത്തിന്

സ്ത്രീധനസമ്പ്രദായം) പങ്കുചേരുന്നതിലൂടെ ഉണ്ടാകുന്നത്.

3.2.1 മാരകപാപത്തിന്റെ പ്രാഥമിക ഘടകങ്ങൾ:

* ഗൗരവമായ ഉള്ളടക്കം: പ്രവർത്തി ദൈവത്തിൽനിന്ന് പൂർണ്ണമായി അകറ്റുന്നതും ദൈവനിഷേധമുള്ളതുമായിരിക്കണം.

* പൂർണ്ണമായ അവബോധം: ചെയ്യുന്ന പ്രവൃത്തിയുടെ ഉള്ളടക്കത്തെയും പരിണിതഫലത്തെയും കുറിച്ച് വ്യക്തമായ അറിവുണ്ടായിരിക്കുക.

* സ്വതന്ത്രമായ സമ്മതം: ബാഹ്യസമ്മർദ്ദങ്ങളില്ലാതെ സ്വതന്ത്ര ബോദ്ധ്യത്തോടെ ചെയ്യുക.

4. അനുരഞ്ജന കൂദാശയുടെ ഫലങ്ങൾ

4.1 പാപമോചനം

പുരോഹിതനിലൂടെ ക്രിസ്തു ചൊരിയുന്ന ആദ്യത്തെ വരപ്രസാദമാണ് പാപമോചനം. തന്റെ പാപാവസ്ഥയെക്കുറിച്ച് ബോദ്ധ്യം വന്ന് അതിൽനിന്ന് പിന്തിരിയുന്ന മാനസാന്തരമാണ് ഇതിന്റെ അടിസ്ഥാനം.

4.2 അനുരഞ്ജനം

കുമ്പസാരം വഴി രണ്ടുതരത്തിലുള്ള അനുരഞ്ജനം സാധ്യമാകുന്നു:

* ദൈവവുമായുള്ള അനുരഞ്ജനം: ധൂർത്തപുത്രന്റെ ഉപമയിൽ (ലൂക്കാ 15:11-32) കാണുന്നതുപോലെ, തിരിച്ചുവരുന്ന പാപിയെ പിതാവായ ദൈവം സ്നേഹത്തോടെ സ്വീകരിക്കുന്നു.

* സഭയുമായും സഹോദരങ്ങളുമായും ഉള്ള അനുരഞ്ജനം: പാപം വഴി സഭയിൽനിന്നും സഭാമക്കളിൽ നിന്നും അകന്ന പാപി തിരികെ സഭാകൂട്ടായ്മയിലേക്ക് ഒന്നിപ്പിക്കപ്പെടുന്നു.

4.3 വരപ്രസാദത്തിലേക്കുള്ള തിരിച്ചുവരവ്

പാപം മൂലം നഷ്ടമായ മാമ്മോദീസായിലെ വരപ്രസാദം കുമ്പസാരത്തിലൂടെ തിരികെ ലഭിക്കുന്നു. ശരിയായ മനഃസാക്ഷിയും പാപബോധവും പരിശുദ്ധാത്മാവിന്റെ പ്രചോദനവും ഒരുവനെ ഈ വരപ്രസാദത്തിലേക്ക് തിരികെ കൊണ്ടുവരുന്നു (യോഹ 14:16-17).

4.4 മനുഷ്യവ്യക്തിയുടെ പുനഃസൃഷ്ടി

ഭയം, ഉത്കണ്ഠ, ശത്രുത, കോപം തുടങ്ങിയ നിഷേധാത്മക ഭാവങ്ങൾക്ക് പകരം സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, വിശ്വസ്തത തുടങ്ങിയ ദൈവീകഫലങ്ങൾ വ്യക്തിയിൽ നിക്ഷേപിക്കപ്പെടുന്നു (റോമാ 8:2).

# സെന്റ് ജോർജ്: 7

ഡോ. ജയ്സൺ കൊച്ചുവീടൻ






# തിരുവചന വായനകൾ

## സെപ്റ്റംബർ 2026

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | **1**<br>1 യോഹ<br>1:1-7<br>യോഹ<br>8:12-20 | **2**<br>1 കോറി<br>6:12-20<br>മത്താ<br>5:27-32 | **3**<br>ഫിലി<br>3:17-21<br>മത്താ<br>18:1-5 | **4**<br>1 കോറി<br>15:12-22<br>യോഹ<br>11:17-27 | **5**<br>1 കോറി<br>15:50-58<br>മത്താ<br>22:23-33 |
| **6**<br>ഹെബ്രാ<br>11:23-29<br>മത്താ<br>17:9-13 | **7**<br>ഗലാ<br>5:19-26<br>ലൂക്കാ<br>3:7-14 | **8**<br>റോമാ<br>2:1-11<br>മത്താ<br>12:38-42 | **9**<br>യാക്കോ<br>3:1-12<br>മത്താ<br>12:33-37 | **10**<br>ഗലാ<br>5:13-18<br>ലൂക്കാ<br>21:29-38 | **11**<br>2 തിമോ<br>3:1-9<br>മത്താ<br>24:1-14 | **12**<br>വെളി<br>2:1-7<br>ലൂക്കാ<br>13:1-5 |
| **13**<br>1 കോറി<br>7:29-35<br>മത്താ<br>24:32-44 | **14**<br>1 കോറി<br>1:18-25<br>ലൂക്കാ<br>24:13-27 | **15**<br>വെളി<br>3:14-22<br>മർക്കോ<br>11:12-14, 20-26 | **16**<br>വെളി<br>22:10-19<br>മത്താ<br>25:1-13 | **17**<br>1 തിമോ<br>4:1-11<br>മർക്കോ<br>13:32-37 | **18**<br>1 പത്രോ<br>5:5-11<br>ലൂക്കാ<br>22:39-46 | **19**<br>എഫേ<br>6:10-18<br>ലൂക്കാ<br>12:35-40 |
| **20**<br>ഗലാ<br>6:11-18<br>മത്താ<br>10:34-42 | **21**<br>2 കോറി<br>10:1-6<br>ലൂക്കാ<br>18:31-34 | **22**<br>കൊളോ<br>2:6-15<br>യോഹ<br>3:13-21 | **23**<br>ഹെബ്രാ<br>12:1-3<br>ലൂക്കാ<br>24:13-35 | **24**<br>എഫേ<br>2:11-22<br>യോഹ<br>11:45-57 | **25**<br>ശ്ലീഹ<br>4:1-12<br>ലൂക്കാ<br>20:9-19 | **26**<br>ഫിലി<br>3:17-21<br>മത്താ<br>16:21-27 |
| **27**<br>1 കോറി<br>1:18-25<br>മത്താ<br>24:29-36 | **28**<br>1 കോറി<br>10:1-13<br>മത്താ<br>24:15-28 | **29**<br>1 യോഹ<br>2:18-29<br>യോഹ<br>7:25-31, 40-43 | **30**<br>വെളി<br>19:11-15<br>ലൂക്കാ<br>12:54-59 | | | |

# സ്നേഹസ്മരണയ്ക്ക്......

| 14-ാം ചരമവാർഷികം | 2-ാം ചരമവാർഷികം |
| --- | --- |
|  |  |
| **പൗലോസ് ഉലഹന്നൻ** | **ഏലിക്കുട്ടി പൗലോസ്** |
| ജനനം: 12-01-1928 | ജനനം: 29-07-1929 |
| മരണം : 13-02-2012 | മരണം: 06-06-2024 |

## 3-ാം ചരമവാർഷികം



**ജോസഫ് എം. പി. (കുട്ടിയച്ചൻ)**

ജനനം: 26-05-1956

മരണം: 20-09-2023

**മഠത്തിക്കണ്ടത്തിൽ, മുതലക്കോടം**

"പുനരുത്ഥാനവും ജീവനും ഞാനാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ.11:25)

## സ്നേഹസ്മരണയ്ക്ക്......

## 3–ാം ചരമവാർഷികം



# സിസിലാമ്മ ജോർജ്ജ്

## വലിയപുത്തൻപുരയിൽ

## (ഏഴാനിക്കാട്ട്)

## മുതലക്കോടം

**ജനനം: 01–03–1944      മരണം: 16–09–2023**

ഞാൻ നന്നായി പൊരുതി എന്റെ ഓട്ടം പൂർത്തിയാക്കി വിശ്വാസം കാത്തു.
എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു.
നീതിപൂർവ്വം വിധിക്കുന്ന കർത്താവ്
ആ ദിവസം അതെനിക്ക് സമ്മാനിക്കും (തിമോ: 7–8)


CCTV & SMART LOCK
SOLAR POWER SYSTEM
HOME AUTOMATION
INVERTER & BATTERY
ozone
SALES | SERVICE | INSTALLATION | AMC
Kalarickal New Bazar, Kothaikunnu Bypass, Thodupuzha - 685 584
Ernakulam | Pala | Ranni
M: 790 720 5 790, 9562 258 361
ozonebusinessline@gmail.com



നഴ്സുമാരുടെയും പാലിയേറ്റീവ് മേഖലയിൽ സേവനമനുഷ്ഠിക്കുന്ന
അംഗങ്ങളുടെയും സംഗമം